# GVHSS Ayyanthole



## അക്കാഡമിക് മാസ്റ്റർ പ്ലാൻ
## 2025-26

# ജി.വി.എച്ച്.എസ്.എസ്

# അയ്യന്തോൾ

## അക്കാദമിക് മാസ്റ്റർപ്ലാൻ കരടുരേഖ

# 2025 - 2026

| | | |
|---|---|---|
| ജില്ല | : | തൃശ്ശൂർ |
| വിദ്യാഭ്യാസ ജില്ല | : | തൃശ്ശൂർ |
| വിദ്യാഭ്യാസ ഉപജില്ല | : | തൃശ്ശൂർവെസ്റ്റ് |

# ജി.വി.എച്ച്.എസ്.എസ് അയ്യന്തോൾ

## അക്കാദമിക്ക് വികസന കാഴ്ചപാട് കരടുരേഖ

## 2025 – 2026

### ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ഗുണമേന്മ – വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ അറിവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിൽ ഏറ്റവും പ്രധാനമാണ് അക്കാദമിക്ക് ആസൂത്രണം. കേരളത്തിൽ വികസനത്തിന്റെ കുതിപ്പിൽ പൊതുവിദ്യാലയങ്ങളുടെ പങ്ക് നിർണ്ണായകമാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാലാണ് പൊതുവിദ്യാലയങ്ങളുടെ ശ്രദ്ധ. അതിനാൽ പൊതുവിദ്യാലയങ്ങൾ മികവുറ്റ അക്കാദമിക്ക് കേന്ദ്രങ്ങൾ ആകേണ്ടത് അനിവാര്യമാണ്.

പൊതുജനപങ്കാളിത്തോടൊപ്പം സൂക്ഷ്മതയോടെയും ആസൂത്രണം ചെയ്ത ഈ അക്കാദമിക്ക് മാസ്റ്റർപ്ലാൻ വളരെ അധികം ആദരവോടെ സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

അയ്യന്തോൾ
01–07–2025

ഹെഡ്മാസ്റ്റർ
ശ്രീ.രാജു.സി.എസ്

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

മേഖല : അക്കാദമികം

പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ എഴുതുവാനും, വായിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പ് വരുത്തുക.
- ഭാഷാ പഠനം ലളിതവും, രസകരവും, ആകർഷവുമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഭാഷാ– ശാസ്ത്ര പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും, ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.
- ശാസ്ത്ര വിഷയങ്ങൾ കുട്ടികളുടെ അനുഭവമണ്ഡലത്തിലൂടെ പരിപോഷിപ്പിക്കുക.
- ഗണിതത്തിൽ ചതുഷ്ക്രിയകൾക്ക് കൂടുതൽ ഊന്നൽ നൽകി അടിസ്ഥാനശേഷികൾ ഉറപ്പിക്കുക.
- ഘട്ടം ഘട്ടമായി കെട്ടിടനിർമ്മാണങ്ങളും തുടർന്ന് ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര ലാബുകൾ സജ്ജീകരിക്കുക.
- ഭിന്നശേഷികുട്ടികൾക്കുള്ള റിസോഴ്സ് റൂം സജ്ജീകരിക്കുക.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | അടിസ്ഥാന വിവരം | 0 - 1 |
| 2. | പൊതുലക്ഷ്യങ്ങൾ | 2 |
| 3. | അക്കാദമിക്ക് നിലവാരം | 3 |
| 4. | പ്രതിസന്ധികൾ പരിമിതികൾ | 4 |
| 5. | കുട്ടികളുടെ എണ്ണം | 5 |
| 6. | അദ്ധ്യാപക ലിസ്റ്റ് | 6 |
| 7. | പ്രവർത്തന കലണ്ടർ | 7 |
| 8. | മലയാളം | 8 |
| 9. | ഇംഗ്ലീഷ് | 9 |
| 10. | ഹിന്ദി | 10 |
| 11. | ശാസ്ത്രപഠനം | 11 |
| 12. | ഗണിതം | 12 |
| 13. | ഐ.ടി.പരിശീലനം | 13 |
| 14. | സാമൂഹ്യശാസ്ത്രം | 14 |
| 15. | ഭിന്നശേഷിക്കാർക്ക് | 15 |
| 16. | ദിനാചരണങ്ങൾ | 16 |
| 17. | മോണിറ്ററിംങ് | 17 |
| 18. | ഉപസംഹാരം | 18 |

## അടിസ്ഥാന വിവരം

| | | |
|---|---|---|
| പേര് | : | ജി.വി.എച്ച്.എസ്.എസ്, അയ്യന്തോൾ |
| അഡ്രസ്സ് | : | അയ്യന്തോൾ.പി.ഒ, തൃശ്ശൂർ - 680 003 |
| സ്കൂൾ കോഡ് | : | 22019 |
| ഫോൺ നമ്പർ | : | 0487 2 364440 |
| എ.ഇ.ഒ | : | എ.ഇ.ഒ. വെസ്റ്റ് |
| ഡി.ഇ.ഒ | : | ഡി.ഇ.ഒ തൃശ്ശൂർ |
| റവന്യു ജില്ല | : | തൃശ്ശൂർ |
| യു.ആർ.സി | : | അരണാട്ടുകര |
| കോർപ്പറേഷൻ | : | തൃശ്ശൂർ |
| വാർഡ് | : | 53 |
| ബ്ലോക്ക് | : | പുഴയ്ക്കൽ |
| നിയമസഭാമണ്ഡലം | : | തൃശ്ശൂർ |
| ലോകസഭാമണ്ഡലം | : | തൃശ്ശൂർ |
| താലൂക്ക് | : | തൃശ്ശൂർ |
| വില്ലേജ് | : | അയ്യന്തോൾ |
| ഇ.മെയിൽ അഡ്രസ്സ് | : | gbhssayyanthole@gmail.com |
| വെബ് സൈറ്റ് | : | gbhssayyanthole |

## പൊതുലക്ഷ്യങ്ങൾ

- അക്കാദമിക്ക് മാസ്റ്റർപ്ലാനിലൂടെ സമഗ്രഗുണമേന്മ വിദ്യാലയമാക്കി ഉന്നതിയിലെത്തിക്കും
- എല്ലാകുട്ടികളെയും അവരുടെ പരമാവധി അറിവിന്റെ ഉയർന്നതലങ്ങളിലേക്ക് എത്താൻ സഹായകരമായ പഠന അവസരം ഒരുക്കും.
- മികച്ച പഠനത്തിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ക്ലാസ്സ്മുറികൾ ഹൈടെക് ആക്കി മാറ്റും.
- സാമൂഹ്യനീതി, അവസരതുല്ല്യത, ഗുണമേന്മ എന്നിവ ഉറപ്പാക്കുന്ന പഠന പരിസരം, പഠനാന്തരീക്ഷം എന്നിവ സൃഷ്ടിക്കും.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുഖ്യധാരയിലെത്തിക്കും.
- മികച്ച വായനശാല, ലബോറട്ടറികൾ എന്നിവ സജ്ജമാക്കും
- കലാ-കായിക-ശാസ്ത്ര-ഗണിത-പ്രവൃത്തിപരിചയ വിദ്യാഭ്യാസത്തിലൂടെ കുട്ടികളുടെ സർവ്വതോന്മുഖമായ വികാസം ഉറപ്പാക്കും.
- എല്ലാ കുട്ടികളേയും മലയാളഭാഷ ഫലപ്രദമായി എഴുതുവാനും, വായിക്കുവാനും സംസാരിക്കുവാനും പ്രാപ്തരാക്കും.
- എല്ലാ കുട്ടികളേയും ഫലപ്രദമായി ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നവരും വായിക്കുന്നവരും ആക്കി മാറും.
- ദേശീയദിനാഘോഷങ്ങൾ കുട്ടികൾ, അദ്ധ്യാപകർ, പി.ടി.എ എന്നിവരുടെ പങ്കാളിത്തത്തോടെ ആചരിക്കും.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ട കൈതാങ്ങും, പ്രോത്സാഹനവും നൽകി അവരെ മുഖ്യധാരയിലെത്തിക്കും.
- ക്ലാസ്സ് പി.ടി.എ ശാക്തീകരിച്ച് സുദൃഢമായ അദ്ധ്യാപക രക്ഷാകർത്തൃബന്ധത്തിലൂടെ കുട്ടികളുടെ അക്കാദമിക്ക് നിലവാരം ഉയർത്തും.
- ശില്പശാലകൾ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ ടാലന്റ് ലാബുകൾ, കോർണർ പി.ടി.എ ഇവ സംഘടിപ്പിച്ച് എല്ലാവരുടേയും സർവ്വതോന്മുഖമായ വികാസം ഉറപ്പാക്കുന്നു.
- പ്ലാസ്റ്റിക്ക് വസ്തുക്കൾ ഉപയോഗിക്കാതെ ക്യാമ്പസ് പ്ലാസ്റ്റിക്ക് വിമുക്തമാക്കും

## അക്കാദമിക്ക് നിലവാരം

1919-ൽ ഒരു എൽ.പി.സ്കൂൾ ആയി ആരംഭിച്ച് പിന്നീട് ഹൈസ്കൂൾ, വൊക്കേഷണൽ ഹയർ സെക്കന്ററി, ഹയർ സെക്കന്ററി എന്നീ തലങ്ങളിലേക്ക് വളർന്നുവന്ന ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഇന്ന് വികസനത്തിന്റെ പാതയിൽ ആണ്. എസ്.എസ്.എൽ.സിക്ക് തുടർച്ചയായി 100% വിജയം സ്കൂളിന്റെ നേട്ടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്.

മികച്ച ഭൗതിക സാഹചര്യങ്ങളോടുകൂടിയ ക്ലാസ്സ്മുറികൾ, പഠന അന്തരീക്ഷം, കളിമുറ്റം, സാങ്കേതികവിദ്യകൾക്ക് യോജിച്ച സുസജ്ജമായ ക്ലാസ്സ് മുറികൾ എന്നിവയാൽ സ്കൂൾ സമ്പന്നമായിരിക്കുന്നു. കൂടെകൂടെയുള്ള ഗൃഹസന്ദർശനങ്ങൾ, സർഗ്ഗാത്മകത പരിപോഷിപ്പിക്കുന്ന കലാപരിപാടികൾ,കലോത്സവങ്ങൾ,പി.ടി.എ, എം.പി.ടി.എ, എസ്.എം.സി, ഒ.എസ്.എ എന്നിവയിലൂടെ സ്കൂളിന്റെ മികവുകൾ സമൂഹത്തിലെത്തിക്കാൻ അവസരമൊരുക്കി.

സമൂഹപങ്കാളിത്തത്തോടെ ദിനാചരണങ്ങൾ, അധിക ഇംഗ്ലീഷ് പഠനം, കലാശാസ്ത്ര പവൃത്തിപരിചയ കായിക മേഖലകളിലെ പങ്കാളിത്തം, മികച്ച ക്ലബ്ബ് പ്രവർത്തനങ്ങൾ, മോട്ടിവേഷൻ ക്ലാസ്സുകൾ, ബോധവത്കരണ ക്ലാസ്സുകൾ (ലഹരി വിമുക്ത ബോധനം) ശ്രദ്ധ, കൗമാര വിദ്യാഭ്യാസം, സ്കോളർഷിപ്പുകൾ എന്നിവ പ്രധാന്യം നൽകിയുള്ള പ്രവർത്തനം സ്കൂളിനെ മികവിലേക്ക് ഉയർത്തി. കൗൺസിലിംഗ് ടീച്ചർമാരുടെ സേവനം എന്നിവ സ്കൂളിന്റെ വികസനത്തിന് മാറ്റുകൂട്ടുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യപകരുടെ സേവനം ഉറപ്പാക്കി അവരെ മികച്ച നിലവാരത്തിലെത്തിക്കാൻ സാധിച്ചു.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ - പരിമിതികൾ

❖ **കുട്ടികളുടെ അഡ്മിഷൻ കുറഞ്ഞുവരുന്നു.**

2017– നു മുമ്പ് വിദ്യാലയത്തിൽ കുട്ടികളാൽ സമ്പന്നമായിരുന്ന നമ്മുടെ വിദ്യാലയം പിന്നീട് എണ്ണം കുറഞ്ഞ് അൺ ഇക്കണോമിക്കൽ സ്കൂൾ ആയി വളരെ ശോചനീയമായ അവസ്ഥയിൽ ആവുകയും പിന്നീട് 2017 – നുശേഷം ആ നില യിൽ മെച്ചം വരികയും, കുട്ടികൾ സാവധാനത്തിൽ വർദ്ധിക്കാൻ തുടങ്ങുകയും ചെയ്തു. തൃശ്ശൂർ നഗരിയിലും, സമീപ സ്ഥലങ്ങളിലും പുതുതായി വന്നു ചേർന്ന എയ്ഡഡ്, അൺഎയ്ഡഡ് , സി.ബി.എസ്.സി, ഐ.സി.എ.ഇ വിദ്യാലയങ്ങൾ വർദ്ധിച്ചതും വിദ്യാർത്ഥി സമരങ്ങളും, ഒരു കിലോമീറ്റർ ചുറ്റളവിൽ നിർമ്മല കോൺവെന്റ് യു.പി സ്കൂൾ വന്നതും കുട്ടികൾ കുറയാൻ കാരണമായി. ആദ്യ കാലങ്ങളിൽ ഇംഗ്ലീഷ് മീഡിയം ഇല്ലാതിരുന്നത് മറ്റൊരു കാരണമാണ്. രക്ഷിതാക്കൾക്ക് ഇംഗ്ലീഷ് മീഡിയത്തോടുള്ള അമിത താൽപര്യം ടൗണിലെ സ്കൂളിൽ നിന്നും അവരുടെ സ്കൂൾ വാഹനങ്ങൾ നമ്മുടെ ദേശത്തുള്ള കുട്ടികളെ ക്യാൻവാസ് ചെയ്ത് കൊണ്ടുപോകുന്നതിനാലും കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായി. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളാണ് ഇന്ന് ഈ വിദ്യാലയത്തിൽ പഠിക്കുന്ന ഭൂരു ഭാഗം കുട്ടികളും. വിദ്യാർത്ഥികളുടെ പഠനപ്രവർത്തനങ്ങളിൽ പിന്തുണ നൽകുന്ന കുടുംബങ്ങളുടെ കുറവും പരിമിതികളുടെ ആഴം വർദ്ധിക്കുന്നു.

## STUDENTS DETAILS

| SL.NO | ACADEMIC YEAR | NO OF STUDENTS |
|---|---|---|
| 1 | 2010 – 2011 | 63 |
| 2 | 2011 – 2012 | 79 |
| 3 | 2012 – 2013 | 73 |
| 4 | 2013 – 2014 | 78 |
| 5 | 2014 – 2015 | 53 |
| 6 | 2015 – 2016 | 51 |
| 7 | 2016 – 2017 | 36 |
| 8 | 2017 – 2018 | 47 |
| 9 | 2018 – 2019 | 61 |
| 10 | 2019 – 2020 | 64 |
| 11 | 2020 – 2021 | 76 |
| 12 | 2021 – 2022 | 84 |
| 13 | 2022 – 2023 | 78 |
| 14 | 2023 – 2024 | 75 |
| 15 | 2024 – 2025 | 70 |
| 16 | 2025 – 2026 | 62 |

# STAFF LIST 2025 – 2026

## GVHSS AYYANTHOLE (HS SECTION)

| SL.NO | NAME | DESIGNATION |
|---|---|---|
| 1 | RAJU.C.S | HEADMASTER |
| 2 | SAVITHA.K.V | HST (HINDI) |
| 3 | T.T.SAIJAN | HST(SOCIAL SCIENCE) |
| 4 | SUNITHA.A.C | HST (MATHS) |
| 5 | RATHI.V.K | HST (MALAYALAM) |
| 6 | PRETTYLAL | HST(SCIENCE) |
| 7 | JOLLY K WILSON | UPSA |
| 8 | SINI.K.P | UPSA |
| 9 | SINDHU ZELVARAJ | UPSA |
| 10 | ASHITHA.P.V | (PSYCHO SOCIAL COUNSELLOR) |
| 11 | REMYA | (SPECIAL EDUCATOR) |
| 12 | UDYAN.C.S | (PHYSICAL EDUCATION) |
| 13 | SURESHKUMAR.T | CLERK |
| 14 | SINI.P.K | O.A |
| 15 | RATHI.A.G | F.T.M |

## യു.പി. മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലഘട്ടം | ചുമതല | ഫണ്ട് വിനിയോഗം |
|---|---|---|---|---|---|
| 1. | ഭാഷയുടെഅടിസ്ഥാനശേഷി വികസനം, ആശയ സംവേദനം നടത്താനും പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുന്നു. | പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രുപങ്ങളിലുടെ അവതരിപ്പിക്കുന്നു. | ജൂൺ മാസം | ഭാഷാദ്ധ്യാപകർ | |
| | | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദം എന്നിവ വളർത്തുന്നു. | ജൂൺ മാസം | ഭാഷാദ്ധ്യാപകർ | |
| 2. | പഠിതാവിൽ അർത്ഥപൂർണ്ണമായ വായനാശേഷി വളർത്തുക | പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം മുഴുവൻ | ഭാഷാദ്ധ്യാപകർ | |
| | | നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ കാണുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട്വായിപ്പിക്കുന്നു. ക്ലാസ്തലത്തിൽ വായന നടത്തി മികച്ച വായനയെ അഭിനന്ദിക്കുന്നു. | മാസത്തിൽ ഒരിക്കൽ | ഭാഷാദ്ധ്യാപകർ | |
| | | പത്രങ്ങളിലെ പ്രധാന സംഭവങ്ങൾ ദിനാചരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ക്വിസ് നടത്തുന്നു. | ആഴ്ചയിൽ ഒരിക്കൽ | ഭാഷാദ്ധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 3. | സാഹിത്യ കൃതികളോടും, സാഹിത്യ കാരന്മാരോടുമുള്ള അനുകൂല മനോ ഭാവം വളർത്തുക വഴി സർഗശേഷി വളർത്തുന്നു. | സാഹിത്യകാരന്മാർ, എഴുത്തുകാർ, കഥാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും, സംവാദ വും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഭാഷാദ്ധ്യാപകർ | |
| 4. | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നു. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ,ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയി ലും ക്ലാസ്സ് പി.ടി.എകളിലും അവത രിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | പി.ടി.എ എച്ച്.എം. ഭാഷാദ്ധ്യാപകർ | |
| 5. | സാഹിത്യകൃതികളെ വായിച്ച് ആസ്വാദിക്കാൻ പ്രാപ്തരാക്കുന്നു. | ഹെൽപ്പിങ്ങ് ഹാൻഡ് പദ്ധതിയി യോട് ചേർന്ന് പാഠഭാഗത്തുള്ളവ യും അല്ലാത്തവയുമായ കൃതികൾ വായിച്ച് ആസ്വാദനക്കുറിപ്പ് എഴുതു വാൻ സാഹിത്യകാരന്മാരുടേയും ഉയർന്ന ക്ലാസ്സുകളിലെ ഭാഷാദ്ധ്യാ പകരുടേയും സഹായത്തോടെ പരിശീലിപ്പിക്കുന്നു. | അക്കാദമിക വർഷം | എച്ച്.എം. ഭാഷാദ്ധ്യാപകർ | |

# 2025 – 2026

അക്കാദമീയം മേഖല മലയാളം HS

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഓരോ കുട്ടിയേയും തിരിച്ചറിയുന്നു. | ബയോഡാറ്റ ശേഖരിക്കുന്നു. ഗൃഹസന്ദർശനം പ്രീ ടെസ്റ്റ് പരിഹാരബോധനം | 1 മാസം | ക്ലാസ്സ് ടീച്ചർ | PTA SMC |
| 2. | പിന്നോക്കാവസ്ഥ പരിഹരിക്കൽ | നവപ്രഭശ്രദ്ധ പ്രവർത്തനങ്ങൾ യൂണിറ്റ് ടെസ്റ്റ്, CPTA വിലയിരു ത്തൽ പരിഹാര ബോധനം, റീടെസ്റ്റ്-ടേം മൂല്യ നിർണ്ണയം-വിലയിരുത്തൽ മാതൃക ഉത്തരങ്ങൾ പരിചയപ്പെടൽ | 6 മാസം | മുഴുവൻ അദ്ധ്യാപകൻ | PTA SMC |
| 3. | മികച്ചവായനക്കാരാക്കൽ (വായനക്കൂട്ടം) | വായനമൂല സജ്ജീകരണം, സ്കൂൾ ലൈബ്രറി മെമ്പർഷിപ്പ്, പത്രവായന, അമ്മ വായന,വിദ്യാരംഗം സാഹിത്യസമാജം, ആനുകലിക പ്രസിദ്ധികരണ ശേഖരണം, സെമിനാറുകൾ, അഭിമുഖങ്ങൾ | വർഷം മുഴുവൻ | ഭാഷാദ്ധ്യാപകൻ | PTA |
| 4. | മികച്ചഎഴുത്തുകാരാക്കൽ (എഴുത്തുക്കൂട്ടം) | വ്യക്തിഗതരചന വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പതിപ്പ് തയ്യാറാക്കൽ, ദിനാചരണങ്ങൾ കഥ-കവിത അരങ്ങ്, യാത്രാവിരണം ചിതഗ്യാലറി | 6 മാസം | ഭാഷാദ്ധ്യാപകർ | PTA |
| 5. | ഭാഷാശേഷി വികസനത്തിന് ആധുനിക സാങ്കേതിക വിദ്യ പരിചയം പ്രയോജനം | മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുന്നു.<br>ഭാഷയുമായി ബന്ധപ്പെട്ട വീഡിയോ, ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ ഇ-വായന പരിചയം ശില്പ ശാലക്ലാസ്സുകൾ | വർഷം മുഴുവൻ<br>വർഷത്തിൽ ഒന്ന് | ഭാഷാദ്ധ്യാപകർ ഐ.സി.ടി അദ്ധ്യാപകർ<br>ഭാഷാദ്ധ്യാപകർ മുഴുവൻ അദ്ധ്യാപകർ | BRC PTA<br>PTA |

| | | | | | |
|---|---|---|---|---|---|
| 6. | വിജ്ഞാനം ഗവേഷണം എന്നിവ വർദ്ധിപ്പിക്കുന്നതിന് പ്രവർത്തനങ്ങൾ നൽകുന്നു. | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ മ്യൂസിയങ്ങൾ സന്ദർശനം സിനിമ ഫെസ്റ്റ് നാടകമേള സെമിനാർ | വർഷത്തിൽ ഒന്ന്, രണ്ട് | ഭാഷാദ്ധ്യാപകർ | PTA |
| 7. | ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ | അക്ഷരകാർഡ് വാക്കുകൾ എഴുതിയ കാർഡ്, ചിത്രം, ഐ.സി.ടി.അടിക്കുറിപ്പ്കഥ പറയൽ, യാത്രകൾ, ഗൃഹസന്ദർശനം | വർഷം മുഴുവൻ | റിസോഴ്സ് ടീച്ചർ മുഴുവൻ അദ്ധ്യാപകർ, ഭാഷാദ്ധ്യാപകർ | PTA |
| 8. | ആശയവ്യക്തതയോടെ എഴുതുന്നതിനും,വായിക്കുന്നതിനും ഉള്ള ശേഷികൾ നേടുക, പ്രായത്തിനുസരിച്ച് ആശയവിനിമയം നടത്താനുള്ള പ്രാപ്തി | ദിവസവും, വാർത്തവായന എല്ലാദിവസവും ലൈബ്രറി മാറ്റിയെടുക്കൽ, പുസ്തക ചർച്ചഅസംബ്ലിയിൽപുസ്തകപരിചയം, ദിനാചരണങ്ങളിൽ പ്രസംഗാവതരണം | | അദ്ധ്യാപകർ | |
| 9. | അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നതിന് | ചിഹ്നങ്ങൾ ഉൾക്കൊള്ളുന്ന വാക്യങ്ങൾ എഴുതിയ കാർഡുകൾ, ചിഹ്നങ്ങൾ തിരിച്ചറിയുന്നു.<br>ആശയം സംപ്രേഷണംചെയ്യുന്നതിൽ ചിഹ്നങ്ങൾക്കുള്ളസ്ഥാനം കണ്ടെത്തുന്നു. വാക്യങ്ങൾ പൂരിപ്പിക്കൽ, ശബ്ദതാരാവലിവച്ച് അർത്ഥം കണ്ടെത്തുന്നു. പുതിയപദങ്ങൾ കണ്ടെത്തി നിഘണ്ടുനിർമ്മാണം, പുതിയ പദങ്ങൾ ഉപയോഗിച്ച് വാക്യ നിർമ്മിതി | ഒരു മാസം<br>ഒരു വർഷം മുഴുവൻ | അദ്ധ്യാപകർ | |
| 10 | കുട്ടികളിൽസാഹിത്യാഭിരുചി വളർത്തുക | അസംബ്ലിയിൽ പുസ്തകപരിചയം, പ്രാദേശിക എഴുതുകാരുമായി സംവാദം, അഭിമുഖം-റിപ്പോർട്ട് സിനിമ - ചർച്ച | ഒരു വർഷം | മുഴുവൻ അദ്ധ്യാപകർ | PTA SMC അഭ്യുദയകാംക്ഷികൾ |
| 11 | സാർഗ്ഗാത്മക രചനകൾ നടത്തുക | പതിപ്പ് പുസ്തകരൂപം | | അദ്ധ്യാപകർ | |

| UP English | | H.S & UP English | |
|---|---|---|---|
| AIM | ACTIVITY | DURATION | DUTY |
| Let the learner will be able to read English fluently and meaningfully | • Readers theater<br>• Chain reading<br>• Role play<br>• Reading Card-Find out the meaning of difficult words – using dictionary.<br>• Newspaper reading – Read and Write at least one news daily and make collage of it. | Thought out the year | English teacher |
| Let the learner will be more comfortable and confident in speaking | • Skit<br>• Drama<br>• Language art games<br>• Warm up activities (Poem, Riddle, Tongue Twister etc.) | June to February | |

| | | | |
|---|---|---|---|
| Learns will be able to write without spelling mistake and improve vocabulary | • Running Dictation<br>• Dump Charades<br>• Cross word puzzle<br>• Spelling games<br>• Worksheet – miss spelled words – Fill in the blanks | Thought out the year | English teacher |
| Let the learner will be able to form simple sentences without grammatical errors. | • Work Sheet<br>• Activity – based on grammar<br>• ICT- Using ICT – Grammar Cartoons | September to January | |
| To improve listening skill | • Show the radio's of short story cooking, cartoon and write an appreciation of what they watched | | |

| അക്കാദമിക്ക് മാസ്റ്റർ പ്ലാൻ | | | യു.പി. വിഭാഗം | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
| 1. | യു.പി.തലത്തിൽ എല്ലാ കുട്ടികൾക്കും അക്ഷരങ്ങൾ പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽഅക്ഷരം കാർഡ്, വാക്കുകൾ എഴുതിയ കാർഡ് ക്ലാസ്സിൽ അക്ഷരമാല പ്രദർശനം. വാക്കുകൾ എഴുതിയ കാർഡുകൾ,<br>വാക്കുകൾ നിർമ്മാണം | ജൂൺ മുതൽ ആഗസ്റ്റ് വരെ | അക്ഷര ചാർട്ട് | അദ്ധ്യാപകൻ |
| 2. | വീട്ഒരു പരീക്ഷണശാല. (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക | സെപ്തംബർ മുതൽ ഒക്ടോബർ | ഹിന്ദി നിഘണ്ടു | അദ്ധ്യാപകർ രക്ഷിതാക്കൾ പി.ടി.എ Resource Teacher |
| 3. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം (സുരീലി ഹിന്ദി) | ഹിന്ദി,അസംബ്ലിദിനാചരണം (ജൂലായ് 31 സെപ്തംബർ 14) അധികവായന സാമഗ്രികൾ, ചിത്രകഥ തയ്യാറാക്കൽ, ചിത്രം നോക്കി കഥ പറയൽ, ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങളിൽ പങ്കാളിയാകൽ | നവംബർ മുതൽ ഫെബ്രുവരി | പുസ്തകങ്ങൾ | അദ്ധ്യാപകൻ |

## എട്ടാംതരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും, വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല ആവർത്തിച്ച് പഠിപ്പിക്കുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>ആവർത്തിച്ച് പറഞ്ഞ് ഉച്ചാരണം കുടുതൽ. പരിചയപ്പെടുത്തുന്നു | ഹ്രസ്വം<br>ജൂൺ<br>ജൂലായ് | ഹിന്ദി അദ്ധ്യാപകൻ<br>ഹിന്ദി അദ്ധ്യാപകൻ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പഠിപ്പിക്കുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം<br>ഓഗസ്റ്റ്<br>സെപ്തംബർ | |
| ഹിന്ദി അനായാസം എഴുതുവാനും, വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലത്തിന് അധികപ്രാധാന്യം നൽകുന്നു.<br>പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അധിക സമയം കൊടുത്തു കൊണ്ട് അക്ഷരങ്ങൾ എഴുതാനും,വായിക്കാനും സന്നദ്ധരാക്കുന്നു. | കേട്ടേഴുത്ത്,പദസൂര്യൻ,പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ഓരോ അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ ഉണ്ടാക്കുവാനും,വായിക്കാനും പഠിപ്പിക്കുന്നു. | ഡിസംബർ<br>ജനുവരി<br>എല്ലാമാസവും | അദ്ധ്യാപകൻ<br>അദ്ധ്യാപകൻ |

## ഒമ്പതാംതരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഹിന്ദി എഴുതാനും, വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കുടുതൽ പരീശീലനം നൽകും | വർക്ക് ഷീറ്റുകൾ നൽകുന്നു. കുടുതൽ വാക്കുകൾ എഴുതാനും, വായിക്കാനും അവരെ ഒരുക്കുന്നു. | ഹ്രസ്വം<br>ജൂൺ<br>ജൂലായ് | ഹിന്ദി അദ്ധ്യാപകൻ<br>ഹിന്ദി അദ്ധ്യാപകൻ |
| നാമം,സർവ്വനാമം,വിശേഷണം എന്നിവ പഠിപ്പിക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>വിശേഷണ വാക്കുകൾ സ്വയം കണ്ടെത്തുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം വിശേഷണം എന്നിവ പറയുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കാൻ പറയുന്നു. | ഓഗസ്റ്റ്<br>സെപ്തംബർ | അദ്ധ്യാപകൻ |
| പോസ്റ്റർ തയ്യാറാക്കാൻ പഠിപ്പിക്കുന്നു. കവിത വായിച്ച് ആസ്വാദന കുറിപ്പ് തയ്യാറാക്കാൻ പരിശീലിപ്പിക്കുന്നു. പഠിപ്പിക്കാൻ ഒരുങ്ങുന്നു. സ്വയം എഴുതി പഠിക്കുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പഠിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. | ദീർഘം<br>ഡിസംബർ<br>നവംബർ | അദ്ധ്യാപകൻ |

## പത്താംതരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യത്തോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുക | സന്ദർഭോചിതമായി അവസരങ്ങളിൽ സംഭാഷണംതയ്യാറാക്കാൻ പറയുന്നു | ഹ്രസ്വം<br>ജൂൺ | ഹിന്ദി അദ്ധ്യാപകൻ |
| ഹിന്ദി വാരാഘോഷ സമയത്ത് കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പ് വരുത്തുന്നു. | പദ്യം ചൊല്ലൽ കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ് സെപ്തംബർ ഒക്ടോബർ | അദ്ധ്യാപകൻ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാൻ അറിയുന്നു. ഡയറി എഴുതുവാൻ അറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രത്തെ ആസ്പദമാക്കി ചരിത്ര കുറിപ്പ് തയ്യാറാക്കാൻ പറയുന്നു. | ദീർഘം ഡിസംബർ നവംബർ | അദ്ധ്യാപകൻ |

മേഖല : അക്കാദമികം

അടിസ്ഥാന ശാസ്ത്രം യു.പി - H.S

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | കണ്ടറിയാനൊരു യാത്ര : വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കാവുകൾസന്ദർശനം, കണ്ടൽകാട് നിരീക്ഷണം പുഴയെ അറിയാൻ, യാത്രകൾ | ജൂൺ ജൂലൈ | ശാസ്ത്രാദ്ധ്യാപകൻ ഊർജ്ജക്ലബ്ബ് സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | |
| | ജൈവ വൈവിധ്യപാർക്ക് ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യപാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകൻ ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | PTA SMC OSA etc |
| | പരീക്ഷണങ്ങളിലൂടെ നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസ്സുകൾ ആരംഭിക്കുന്നു. സയൻസ് കിറ്റുകൾ നിർമ്മിക്കുന്നു. Home lab ഉണ്ടാക്കുന്നു.പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരുശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകൻ | |

**മേഖല : അക്കാദമികം** 　　　　 അടിസ്ഥാന ശാസ്ത്രം യു.പി - H.S

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2ആധുനികശാസ്ത്രോപകരണങ്ങൾ കൈക്കാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക<br>ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക,ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കും | <u>എക്സിബിഷൻ</u><br>വിവിധ ശാസ്ത്ര പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | 1 മാസം | ശാസ്ത്രാദ്ധ്യാപകൻ | PTA SMC OSA etc |
| | <u>**പ്രോജക്ടുകൾ**</u><br>വിധിധശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരംനൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകൻ ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | <u>**ശാസ്ത്രരംഗം**</u><br>ശാസ്ത്രരംഗം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ശാസ്ത്രരംഗം നോട്ടീസ് ബോർഡ്, ശാസ്ത്ര സംശയപ്പെട്ടികൾ സ്ഥാപിക്കും | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകൻ ഊർജ്ജക്ലബ്ബ്, ശാസ്ത്രരംഗം ക്ലബ്ബ് സയൻസ് ക്ലബ്ബ് | |
| | <u>**ശാസ്ത്ര കോർണർ**</u><br>ശാസ്ത്ര മാഗസിനുകൾ കണ്ടുപിടുത്ത വാർത്തകൾ, ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ ശാസ്ത്രജേർണലുകൾ എന്നിവ അടങ്ങുന്ന സയൻസ് കോർണർ ക്ലാസ് മുറികളിൽ സൃഷ്ടിക്കും | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകൻ സയൻസ് ക്ലബ്ബ് | |

## മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3.ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക. പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | <u>നല്ല ആഹാരം നല്ല ആരോഗ്യം</u><br>സമീകൃതാഹാരത്തെ കുറിച്ച് ക്ലാസ്സ് സംഘടിപ്പിക്കും<br>കുട്ടികൾ തയ്യാറാക്കുന്ന ജാം ഫെസ്റ്റ് നടത്തും<br>ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്തുന്നതിനും പ്രവർത്തനങ്ങൾ നടത്തും. ക്ലാസ്സ് സംഘടിപ്പിക്കും. | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകൻ സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **<u>ICT</u>**<br>ICTയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു വിഡിയോ പ്രദർശനങ്ങൾ<br>**<u>പ്രദർശനങ്ങൾ</u>**<br>ICTയുടെ സഹായത്തോടെയുള്ള ക്ലാസ്റും പ്രവർത്തനങ്ങൾ നടപ്പിലാക്കും. | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകൻ | |
| | ഇലക്ട്രോണിക്ക് സാധ്യത ഉപയോഗിച്ച് ഉപകരണനിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകന | |

# മേഖല : ഗണിതം (എച്ച്.എസ്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.ഗണിതശാസ്ത്രത്തിലെ അടിസ്ഥാനഗണിതശേഷികൾ നേടിയിരിക്കും | ഗ്രൂപ്പുകളായി തിരിച്ച് അടിസ്ഥാന ചതുഷ്ക്രിയകൾ ചെയ്യിപ്പിക്കുന്നു. | ഓരോ ആഴ്ചയിലും ഒരു മണിക്കൂർ സമയം ഈ പ്രവർത്തനത്തിന് അധിക സമയം കണ്ടെത്തുന്നതാണ്. | ചോദ്യശേഖരം തയ്യാക്കുന്നതിനും വിദഗ്ദ്ധരുടെസഹായം ലഭ്യമാക്കേണ്ടതാണ്. | വിദഗ്ദ്ധരുടെ സഹായം ലഭ്യമാക്കുന്നതിന്ആവശ്യമായസഹായം കണ്ടേതാണ്. |
| 2.ചതുഷ്ക്രിയകൾ വേഗത്തിൽ കൃത്യതയോടെ ചെയ്തിരിക്കും. | ലളിതമായ ചോദ്യങ്ങളുടെ ചോദ്യശേഖരം ഓരോ കുട്ടിക്കും നൽകുന്നതാണ്. | 15 മിനിറ്റ് സമയം നൽകി അതിനുശേഷം പരിഹാരബോധനത്തിന് ചെലവഴിക്കുന്നതാണ്. | ഗണിതഅദ്ധ്യാപകരുടെ സഹായത്തോടെ പ്രവർത്തനങ്ങൾ ചെയ്യുന്നതാണ്. | ചോദ്യശേഖരം കുട്ടികൾക്ക് നൽകുന്നതിനുള്ള ചെലവ് |
| 3.പാഠഭാഗത്തിന് ആവശ്യമായ മുന്നറിവുകൾ ഉണ്ടാ യിരിക്കും. | അടിസ്ഥാനചോദ്യങ്ങൾ വളരെ ലളിതമായ രീതിയിൽഅവതരിപ്പിക്കുന്നു | ഓരോ ആഴ്ചയിലും 15 മിനിറ്റ് സമയം ഈ പ്രവർത്തനത്തിന് അധികസമയം കണ്ടെത്തുന്നതാണ്. | പ്രവർത്തനം നടപ്പിലാക്കുന്നത് ഗണിത അദ്ധ്യാപകരാണ്. | ചോദ്യശേഖരം കുട്ടികൾക്ക് നൽകുന്നതിനുള്ള ചെലവ് |
| 4.ജ്യാമിതീയരൂപങ്ങൾ പരിചയപ്പെടുത്തുന്നു. | നിത്യജീവിതത്തിൽ ഉപയോഗിക്കുന്നജാമീതീയരൂപങ്ങളുമായി സാദൃശ്യമുള്ളവ പട്ടികപ്പെടുത്താൻപറയുന്നു.ചാർട്ട് പേപ്പറിൽരൂപങ്ങൾ വരച്ച് പ്രദർശിപ്പിക്കുന്നു. | ഓരോ ആഴചയിലും ഒരു മണിക്കൂർ സമയം ഈ പ്രവർത്തനത്തിന് അധിക സമയംകണ്ടെത്തുന്നതാണ്. | ഓരോ പ്രവർത്തനത്തിനും ഗ്രൂപ്പുകളെ ചുമതലപ്പെടുത്തുന്നു | രൂപങ്ങൾ വരക്കുന്നതിന് ചാർട്ട് പേപ്പർ ലഭ്യമാക്കുന്നതിനുള്ള ചെലവ് |

## മേഖല : ഗണിതം (എച്ച്.എസ്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. മറ്റു പഠന മേഖലകളുമായി ബന്ധിപ്പിച്ച പ്രവർത്തനങ്ങളിലൂടെ ഓരോ കുട്ടിയുടേയും വ്യക്തി ജീവിതം മികച്ചതാക്കുന്നതായിരിക്കും | ഗണിതമേള, ഗണിത മാഗസിൻ എന്നിവ തയ്യാറാക്കുന്നതിനുള്ള നേതൃത്വം നൽകുന്നു. | ഒരു മേള, മാഗസിൻ എന്നരീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്. | ഓരോ പ്രവർത്തനത്തിനും അതുമായി ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തുന്നു. വിദ്യാലയത്തിന്റെ പരിപൂർണ്ണസഹായവും പി.ടി.എ, ഒ. എസ്. എ എന്നിവയെല്ലാം ഒത്തൊരുമിച്ച് സഹായിക്കേണ്ടതാണ്. | ഓരോ പ്രവർത്തനങ്ങൾക്ക് രക്ഷിതാക്കളുടേയും ബന്ധപ്പെട്ടവരിൽ നിന്ന് സാമ്പത്തിക സഹായം കണ്ടെത്തേണ്ടതാണ്. |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

### ആധുനിക സാങ്കേതിക വിദ്യയും വിദ്യാഭ്യാസ മികവും IT

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലഘട്ടം | ചുമതല | ഫണ്ട് വിനിയോഗം |
|---|---|---|---|---|---|
| 1. | പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ആധുനിക സാങ്കേതിക വിദ്യയിൽ പിന്നിലാക്കില്ലെന്ന് ഉറപ്പ് വരുത്തുക | മികവുറ്റ പഠനം ഉറപ്പാക്കാൻ എല്ലാ ക്ലാസ്സിലും കമ്പ്യൂട്ടർ പ്രയോജനപ്പെടുത്തിയുള്ള അദ്ധ്യാപന രീതി നടപ്പിലാക്കുന്നു. | ജൂൺ മാർച്ച് | H M ക്ലാസ്സ് അദ്ധ്യാപകൻ | MLA MP Corporation Fund |
| 2. | മികവുറ്റ പഠനം ഉറപ്പാക്കുന്നതിനായി എല്ലാ ക്ലാസ്സിലും എല്ലാ വിഷയത്തിലും കമ്പ്യൂട്ടർ പ്രയോജനപ്പെടുത്തിയുള്ള അദ്ധ്യാപന രീതി നടപ്പിലാക്കുക | അദ്ധ്യാപകർ എല്ലാവരും IT നൈപുണ്യം നേടുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. | ജൂൺ ആഗസ്റ്റ് | H M ക്ലാസ്സ് അദ്ധ്യാപകൻ | |
| 3. | കുട്ടികളെ നൂതന സാങ്കേതിക വിദ്യയിൽ പ്രഗത്ഭരാക്കുക. | IT അധിഷ്ഠിത ക്ലാസ്സുകൾ, LCD പ്രോജക്റ്റർ ഉപയോഗിച്ചുള്ള ക്ലാസ്സ്, കുട്ടികൾക്ക് IT പരിശീലനം, സ്കൂളിന് ബ്ലോഗ്, ഫെയ്സ് ബുക്ക് പേജ്, അമ്മമ്മാർക്ക് ITപരിശീലനം, സ്കൂളിന്റെ നേട്ടങ്ങൾ (പവർപോയിന്റ് പ്രസന്റേഷൻ) | വർഷം മുഴുവൻ ഇടവിട്ട മാസങ്ങൾ | H M ക്ലാസ്സ് അദ്ധ്യാപകൻ | PTA Corporation Fund |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## യു.പി. സാമൂഹ്യ ശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലഘട്ടം | ചുമതല | ഫണ്ട് വിനിയോഗം |
|---|---|---|---|---|---|
| 1. | പഠിതാക്കളെ ചരിത്രബോധം ഉള്ള വരാക്കി മാറ്റിയെടുക്കുക | ഐ.സി.ടി സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ സംഭവങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്ര ബോധം വളർത്തുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്രം അദ്ധ്യാപകൻ | |
| 2. | ജില്ലകൾ, സംസ്ഥാനങ്ങൾ, രാജ്യങ്ങൾ, ഭൂഖണ്ഡങ്ങൾ, തിരിച്ചറിയാൻ പ്രാപ്തരാക്കുക, | വളരുന്ന/നിറയുന്ന ഭൂപടത്തിലൂടെ പത്രപ്രവർത്തനങ്ങളിലൂടെ പരിചയപ്പെടുന്ന സ്ഥലങ്ങളുടെ ജില്ലകൾ, സംസ്ഥാനങ്ങൾ, രാജ്യങ്ങൾ, ഭൂഖണ്ഡങ്ങൾ തുടങ്ങിയവ അറ്റ്ലസ്സ്, മാപ്പ് തുടങ്ങിയവരുടെ സഹായത്താൽ കണ്ടെത്തി ഭൂപടം നിറ ക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്രം അദ്ധ്യാപകൻ | |
| 3. | പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽഎന്നീ പ്രകൃതി ദുരന്തങ്ങളുടെ കാഠിന്യം മനസ്സിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡമോസ്ട്രേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കുയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. | വർഷത്തിൽ ഒരിക്കൽ | സാമൂഹ്യശാസ്ത്രം അദ്ധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| 4. | വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും ക്രിമിനൽ പ്രവർത്തനം, ലഹരി ഉപയോഗം, റോഡ് സുരക്ഷ ഇവയെകുറിച്ച് വിദ്യാർത്ഥികളെ ബോധവത്സകരണം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടേയും ട്രാഫിക്ക് പോലീസ്സിന്റേയും സഹായത്തോടെ കുട്ടികൾക്കും മുതിർന്നവർക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യങ്ങൾ, ലഹരി ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തും. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ | |
| 5. | സുസ്ഥിര വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നു. | പരിസ്ഥിതിയെ തകർക്കുന്ന മനുഷ്യന്റെ പ്രവർത്തനങ്ങൾക്കിരയായതണ്ണീർ തടങ്ങൾ, ജലാശയങ്ങൾ തുടങ്ങിയവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുക. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ | |
| 6. | ദേശീയ ബോധം വളർത്തുക | ദേശീയ പ്രാധാന്യം ഉള്ള ദിനങ്ങളിൽ രാഷ്ട്രത്തിന്റെ ഐക്യവും, അഖണ്ഡതയും വിളിച്ചോതുന്ന ഗീതങ്ങൾ ആലപിക്കുകയും, ധീര ദേശാഭിമാനികളെ സ്മരിക്കുകയും, ദേശസ്നേഹം ഉണർത്തുന്ന പരിപാടികളിൽ പങ്കെടുക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ | |
| 7. | സാമൂഹ്യ ശാസ്ത്ര പഠിതാക്കളെ അന്തർദേശീയ നിലവാരത്തിൽ എത്തിക്കുക | മത്സര പരീക്ഷകളിൽ വിജയികളാകാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ, അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന ചിന്തോദീപങ്ങളായ ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന ക്വിസ് പരിപാടികൾ, മറ്റു ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുക | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ | |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## എച്ച്.എസ് സാമൂഹ്യ ശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലഘട്ടം | ചുമതല | ഫണ്ട് വിനിയോഗം |
|---|---|---|---|---|---|
| 1. | പരമ്പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | സാമൂഹ്യശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കുന്ന വിധത്തിൽ ദിനാചരണങ്ങൾ കണ്ടെത്തി സംഘടിപ്പിക്കുക. ചിത്രങ്ങൾ, പോസ്റ്ററുകൾ, ചിത്ര രചനാമത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുക. | ജനുവരി ഫെബ്രുവരി | സാമൂഹ്യശാസ്ത്രം അദ്ധ്യാപകൻ | PTA |
| 2. | ഭൂപട വായനയിലുള്ള ശേഷി കുറവ് | ഭൂപടങ്ങൾ, ഗ്ലോബുകൾ എന്നിവ ശേഖരിച്ച് വിവിധ മാപ്പുകളിലൂടെഭൂപട വായന സ്വായത്തമാക്കുക. LEPസംഘടിപ്പിച്ച് 8 മതുൽ 10 വരെയുള്ള കുട്ടികളെ ഭൂപടവായനയിൽ പ്രാപ്തരാക്കുക. | ജൂൺ നവംബർ | സാമൂഹ്യശാസ്ത്രം അദ്ധ്യാപകൻ | Sponsors PTA |
| 3. | സാമൂഹ്യതിന്മകൾ തിരിച്ചറിഞ്ഞ് അവയ്ക്കെതിരെ പ്രവർത്തിക്കാൻ പ്രാപ്തരാക്കുക. | ലഹരി വിരുദ്ധബോധവത്ക്കരണ ക്ലാസ്സുകൾ, പോസ്റ്റർ രചനാമത്സരം, റാലി എന്നിവ സംഘടിപ്പിക്കൽ | ജൂൺ ഡിസംബർ | സാമൂഹ്യശാസ്ത്രം അദ്ധ്യാപകൻ | PTA |
| 4. | സാമൂഹ്യസേവനം മനസ്സിലാക്കൽ | സാമൂഹ്യ സേവനങ്ങളുമായി ബന്ധപ്പെട്ട സംഘടനകളെ സമീപിച്ച് ബോധവത്ക്കരണക്ലാസ്സ്<br>അവശരും, നിരാലംബരുമായവരുടെ അവസ്ഥ മനസ്സിലാക്കൽ | സെപ്തംബർ ഒക്ടോബർ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ | |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## എച്ച്.എസ് സാമൂഹ്യ ശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലഘട്ടം | ചുമതല | ഫണ്ട് വിനിയോഗം |
|---|---|---|---|---|---|
| 5. | ജനാധിപത്യ സംസ്കാരം വളർത്തിയെടുക്കുക | സ്കൂൾ തെരഞ്ഞെടുപ്പിലൂടെയും T.B യിലെ തെരഞ്ഞെടുപ്പ് പ്രകിയയിലൂടെ രാജ്യത്തെ വിവിധ തെരഞ്ഞെടുപ്പ് രീതികൾ മനസ്സിലാക്കുന്നു. | ആഗസ്റ്റ് സെപ്തംബർ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ | PTA |
| 6. | കുട്ടികൾ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ച് നേരിട്ട് ചരിത്രാവബോധം ഉണ്ടാക്കൽ | പാഠപുസ്തകവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലേക്ക് പഠനയാത്ര പോകുന്നു. | ജനുവരി ഫെബ്രുവരി | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ | H.M.<br>PTA |

**മേഖല : അക്കാദമികം** **ഉപമേഖല : ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭിന്നശേഷിക്കാരയ കുട്ടികളുടെ പാഠ്യപുരോഗതി ഉറപ്പാക്കുക' | ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് IEP തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് | റിസോഴ്സ് ടീച്ചർ | |
| | ഭിന്നശേഷി വിദ്യാർത്ഥികൾക്കായി നൂതന ICP സാധ്യതകൾ ഉറപ്പാക്കുക | ജൂൺ മുതൽ മാർച്ച് | ക്ലാസ്സ് ടീച്ചർ<br>റിസോഴ്സ് ടീച്ചർ | |
| | ഭിന്നശേഷി വിദ്യാർത്ഥികളുടെ വായന ശീലം വളർത്തുന്നതിനായി ഇൻക്ലുസീവ് ലൈബ്രറി ഒരുക്കുക. | ജൂൺ മുതൽ മാർച്ച് | ക്ലാസ്സ് ടീച്ചർ<br>റിസോഴ്സ് ടീച്ചർ | |
| | താൽപ്പര്യമുള്ള മേഖലകൾ കണ്ടെത്തി പരിശീലനം നൽകൽ | ജൂൺ മുതൽ മാർച്ച് | ക്ലാസ്സ് ടീച്ചർ<br>റിസോഴ്സ് ടീച്ചർ | |
| ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ട കൈത്താങ്ങ് നൽകി അവരെ മുഖ്യധാരയിലെത്തിക്കാൻ | ഭിന്നശേഷിക്കാർക്ക് ക്ലാസ്തല പ്രവർത്തനങ്ങളിൽ പ്രത്യേക പരിഗണന കൈത്താങ്ങ് നൽകൽ | ജൂൺ മുതൽ മാർച്ച് | റിസോഴ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ | |
| | ഭിന്നശേഷിക്കാർക്ക് യോജിച്ച പഠനോപകരണങ്ങൾ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് | റിസോഴ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ | |
| | ഭിന്നശേഷിക്കാരെ കായികമേളയിൽ പങ്കെടുപ്പിക്കലും പരിശീലനവും | ജൂൺ മുതൽ നവംബർ | ക്ലാസ്സ് ടീച്ചർ<br>റിസോഴ്സ് ടീച്ചർ<br>കായിക അദ്ധ്യാപകർ | |

## പ്രധാന ദിനാചരണങ്ങൾ

| ദിനം | പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല |
|---|---|---|---|
| ജൂൺ 1 | പ്രവേശാനോത്സവം | അഞ്ജുരുക്കൽ | HM, SRG, PTA |
| ജൂൺ 5 | ലോകപരിസ്ഥിതി ദിനം<br>റാലി, പോസ്റ്റർ നിർമ്മാണം, ക്വിസ് | പരിസ്ഥിതിയുമായി ഇണങ്ങിചേരൽ | PREETTYLAL |
| ജൂൺ 12 | ലോകബാലവേല വിരുദ്ധദിനം<br>പോസ്റ്റർ രചന, ബോധവൽക്കരണ ക്ലാസ്സ്, എക്സിബിഷൻ | ബാലവേലയോടുള്ള വിരുദ്ധമനോഭാവം | ANILKUMAR G.K |
| ജൂൺ 19 | വായനാദിനം<br>പുസ്തകവിതരണം, സാഹിത്യകരന്മാരെ പരിചയപ്പെടുത്തൽ വായനാമത്സരം, സ്കിറ്റ്, ആസ്വാദനകുറിപ്പ് | കുട്ടികളുടെ വായനാശീലം വളർത്തുക | RATHY V.K |
| ജൂൺ 21 | യോഗാദിനം<br>ബോധവൽക്കരണ ക്ലാസ്സ്, യോഗദർശനം | യോഗയിലൂടെ മാനസികവും ശാരീരികവുമായ ആരോഗ്യം | ANILKUMAR G.K |
| ജൂൺ 26 | ദേശീയ ലഹരി വിരുദ്ധദിനം<br>പോസ്റ്റർ നിർമ്മാണം, ക്വിസ്, റാലി, | കുട്ടികളിൽ ലഹരിവിരുദ്ധ മനോഭാവം വളർത്തുക | UDAYAN C.S |

| പ്രധാന ദിനാചരണങ്ങൾ | | | |
|---|---|---|---|
| ദിനം | പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല |
| ജൂലായ് 5 | ബഷീർദിനം<br>സ്കിറ്റ്, വായനകുറിപ്പ്, കഥാപാത്രങ്ങൾപരിചയപ്പെടുത്തൽ | ബഷീറിനെ സാഹിത്യക്കാരനായും സ്വാതന്ത്ര്യസമര സേനാനിയായും പരിചയപെടൽ | JOLLY K WILSON |
| ജൂലായ് 11 | ലോകജനസംഖ്യാദിനം<br>ബോധവൽക്കരണ ക്ലാസ്സ്, ക്വിസ്, പ്രസംഗം | ജനസംഖ്യാവർദ്ധനവിനെ കുറിച്ചുള്ള അവബോധം | ANILKUMAR G.K |
| ജൂലായ് 12 | മലാലദിനം<br>സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, പ്രസംഗം | സ്ത്രീ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, സ്വാതന്ത്ര്യം എന്നിവ മനസ്സിലാക്കൽ | ASHITHA P V |
| ജൂലായ് 21 | ചാന്ദ്രദിനം<br>പോസ്റ്റർ രചന സ്പെഷൽ ക്ലാസ്സ്, ക്വിസ്സ് | ചന്ദ്രനെ അടുത്തറിയൽ | PREETTYLAL<br>&<br>SINDU ZELVARAJ |
| ജൂലായ് 30 | പ്രേംചന്ദ് ദിനം<br>കഥ, കവിത അവതരണം | പ്രേം ചന്ദിനെ പരിചയപെടൽ | NALINI C.S |

## പ്രധാന ദിനാചരണങ്ങൾ

| ദിനം | പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല |
|---|---|---|---|
| ആഗസ്റ്റ് 6 | <u>ഹിരോഷിമാദിനം</u><br>പോസ്റ്റർ രചന, ഉപന്യാസം, ക്വിസ്, | യുദ്ധവിരുദ്ധ മനോഭാവം വളർത്തുക | JOLLY K WILSON & ANILKUMAR G.K |
| ആഗസ്റ്റ് 9 | <u>ക്വിറ്റ് ഇന്ത്യാദിനം</u><br>നാഗസാക്കി ദിനം, ക്വിറ്റ് ഇന്ത്യാദിന സന്ദേശം | ഇന്ത്യൻ സ്വാതന്ത്ര്യത്തോടുള്ള അഭിനിവേശവും യുദ്ധവിരുദ്ധ മനോഭാവവും വളർത്തുക | JOLLY K WILSON |
| ആഗസ്റ്റ് 15 | <u>സ്വാതന്ത്ര്യ ദിനം</u><br>പതാക ഉയർത്തൽ, സ്വാതന്ത്ര്യദിന ഗീതങ്ങൾ, സ്വാതന്ത്ര്യദിന സന്ദേശങ്ങൾ മധുരപലഹാര വിതരണം | ഇന്ത്യൻ ദേശീയ ബോധം വളർത്തുക | HEADMISTRESS & PTA |
| ആഗസ്റ്റ് 29 | <u>ദേശീയ കായികദിനം</u><br>ക്വിസ്സ് മത്സരം, കായിക വിദ്യാഭ്യാസം ബോധന ക്ലാസ്സ് | കായിക വിദ്യാഭ്യാസത്തിന്റെ അവശ്യകതയും പ്രധാന്യവും മനസ്സിലാക്കുക | UDAYAN C.S |

| പ്രധാന ദിനാചരണങ്ങൾ | | | |
|---|---|---|---|
| ദിനം | പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല |
| സെപ്തംബർ 5 | ദേശീയ അദ്ധ്യാപകദിനം<br>അദ്ധ്യാപകരെ ആദരിക്കൽ<br>ഗുരുക്കന്മരുടെ പ്രാധാന്യം<br>ഗുരുസമർപ്പണ ഗാനം | വിദ്യാഭ്യാസത്തിൽ ഗുരുക്കന്മാരുടെ പ്രധാന്യം മനസ്സിലാക്കുക | HEADMISTRESS & STAFF |
| സെപ്തംബർ 14 | ഹിന്ദിദിനം<br>രാഷ്ട്രഭാഷയുടെ പ്രാധാന്യം, സന്ദേശം<br>ഉപന്യാസ രചന | രാഷ്ട്രഭാഷയുടെ പ്രാധാന്യം മനസ്സിലാക്കൽ | NALINI C.S |
| സെപ്തംബർ 16 | ഓസോൺ ദിനം<br>ഓസോൺ ജീവന്റെ രക്ഷകവചം<br>ബോവത്ക്കരണ ക്ലാസ്സ് | ഓസോൺ പാളിയുടെ പ്രാധാന്യം മനസ്സിലാക്കുക | PREETTYLAL & SINDU ZELVARAJ |

| പ്രധാന ദിനാചരണങ്ങൾ | | | |
|---|---|---|---|
| ദിനം | പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല |
| ഒക്ടോബർ 2 | ഗാന്ധിജയന്തി<br>പരിസര ശുചീകരണം, പ്രസംഗം, ക്വിസ് മത്സരം, സന്ദേശങ്ങൾ | സാമൂഹ്യ സേവനത്തോടുള്ള അവബോധം വളർത്തുക | PTA, MPTA, STAFF & വിവിധ ക്ലബ്ബുകൾ OSA |
| ഒക്ടോബർ 10 | മാനസികാരോഗ്യദിനം<br>ബോധവത്കരണ ക്ലാസ്സ്, പോസ്റ്റർ രചന | മാനസികാരോഗ്യം, വിദ്യാഭ്യാസത്തിൽ പ്രാധാന്യം ഉറപ്പിക്കുക | ASHITHA P V |
| ഒക്ടോബബർ 11 | ലോക ബാലിക ദിനം<br>പോസ്റ്റർ രചന, ബോധവത്കരണ ക്ലാസ്സ് | ബാലിക സംരക്ഷണത്തെ കുറിച്ച് തിരിച്ചറിവ് | ASHITHA P V & SUNITHA A C |
| ഒക്ടോബർ 24 | ഐക്യരാഷ്ട്രദിനം<br>ക്വിസ് മത്സരം, ബോധവത്കരണ ക്ലാസ്സ് | ലോകസമാധാനം | ANILKUMAR G.K & JOLLY K WILSON |

| പ്രധാന ദിനാചരണങ്ങൾ | | | |
|---|---|---|---|
| ദിനം | പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല |
| നവംബർ 1 | കേരള പിറവി ദിനം<br>കേരളപിറവി സന്ദേശം, ഭരണഭാഷാവാര ആഘോഷം, പോസ്റ്റർ രചന, കലാപരിപാടികൾ | കേരളത്തോടും, മലയാള ഭാഷയോടും മതിപ്പുണ്ടാക്കുക | RATHI V K<br>&<br>SINI K P |
| നവംബർ 11 | ദേശീയവിദ്യാഭ്യാസദിനം<br>വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ഉപന്യാസ രചന | വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കുട്ടികൾ മനസ്സിലാക്കുന്നു | SINDU ZELVARAJ |
| നവംബർ 14 | ശിശുദിനം<br>നെഹ്റുവിനെ കുറിച്ച് പ്രസംഗം, പ്രച്ഛന്നവേഷം | ശിശുക്കളോടുള്ള മതിപ്പ് വളർത്തുക | SINI K P<br>&<br>SINDU ZELVARAJ |
| നവംബർ 19 | മാതൃദിനം<br>അമ്മയ്ക്കൊരു കത്ത്, പോസ്റ്റർ രചനമത്സരം | അമ്മയോടുള്ള സ്നേഹം ഉറപ്പിക്കൽ | NALINI C S |
| നവംബർ 26 | ഭരണഘടന ദിനം<br>ആമുഖം വായന, പ്രത്യേക അസംബ്ലി | ഭരണഘടനയോടുള്ള മഹത്വം മനസ്സിലാക്കൽ | ANILKUMAR G.K<br>&<br>JOLLY K WILSON |

| പ്രധാന ദിനാചരണങ്ങൾ | | | |
|---|---|---|---|
| ദിനം | പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല |
| ഡിസംബർ 1 | എയ്ഡ്സ് ദിനം<br>ബോധവത്ക്കര ക്ലാസ്സ്<br>റെഡ് റിബൺ റാലി | എയ്ഡ്സിനെ കുറിച്ച് അവബോധം | ASHITHA P V |
| ഡിസംബർ 10 | ലോകമനുഷ്യാവകാശ ദിനം<br>ബോധവത്ക്കരണ ക്ലാസ്സ്<br>(മനുഷ്യാവകാശങ്ങൾ)<br>ഉപന്യാസരചന മത്സരം | മനുഷ്യാവകാശങ്ങളെ കുറിച്ചുള്ള തിരിച്ചറിവ് | ANILKUMAR G.K |
| ഡിസംബർ 14 | ദേശീയ ഊർജ്ജ സംരക്ഷരണദിനം<br>ക്വിസ്സ്, സന്ദേശം | ഊർജ്ജ വിനിയോഗത്തെ കുറിച്ച് മനസ്സിലാക്കുന്നു | PREETTYLAL<br>&<br>SINDU ZELVARAJ |
| ഡിസംബർ 20 | ക്രിസ്തുമസ്സ് ദിനാഘോഷം | ക്രിസ്തുമസ്സ് ദിനാഘോഷത്തിലൂടെ മതസൗഹാർദ്ദം ഉണ്ടാക്കുക | H.M, PTA & STAFF |

| പ്രധാന ദിനാചരണങ്ങൾ | | | |
|---|---|---|---|
| ദിനം | പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല |
| ജനുവരി 1 | <u>പുതുവർഷം</u><br>പുതുവർഷത്തെ സ്വീകരിക്കൽ, കലാപരിപാടികൾ | പുതുവർഷത്തിൽ പ്രവർത്തങ്ങൾ ആസൂത്രണം ചെയ്യുക | H.M, PTA & STAFF |
| ജനുവരി 10 | <u>YOUTH DAY</u><br>ഉപന്യാസ മത്സരം | മാനവവിഭാഗത്തിൽ യൂത്തിന്റെ ശക്തി തിരിച്ചറിയുക | SUNITHA A C |
| ജനുവരി 24 | <u>NATIONAL GIRLS CHILD DAY</u><br>ഡോക്യുമെന്ററി പ്രദർശനം | പെൺകുട്ടികളുടെ ഉന്നമനത്തിന്റെ പ്രാധാന്യം | ASHITHA P V |
| ജനുവരി 26 | <u>Repablic Day</u><br>പതാക ഉയർത്തൽ<br>മധുരപലഹാര വിതരണം<br>സന്ദേശം | റിപ്പബ്ലിക്ക് ദിനത്തിന്റേയും പരമാധികാരത്തിന്റേയും ആശയം | H.M, PTA<br>&<br>ANILKUMAR G.K |

| പ്രധാന ദിനാചരണങ്ങൾ | | | |
|---|---|---|---|
| ദിനം | പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല |
| ഫെബ്രുവരി 4 | WORLD CANCER DAY<br>ക്യാൻസറിനെ കുറിച്ച് അവബോധം<br>Signature Campine | ക്യാൻസർ രോഗത്തെ കുറിച്ച് അവബോധം | PREETTY LAL<br>&<br>SINDU ZELVARAJ |
| ഫെബ്രുവരി 20 | ലോക സാമഹ്യനീതി ദിനം<br>സമൂഹവും, സാമൂഹ്യനീതിയും ഉപന്യാസ മത്സരം | സമൂഹത്തിൽ സാമൂഹ്യനീതിയുടെ പ്രാധാന്യം മനസ്സിലാക്കൽ | RATHY V K |
| ഫെബ്രുവരി 28 | NATIONAL SCIENCE DAY | ശാസ്ത്രത്തിന്റെ പുരോഗതിയും വളർച്ചയും തിരിച്ചറിയൽ | SINDU ZELVARAJ<br>&<br>PREETTY LAL |

# മോണിറ്ററിംഗ്

## സ്കൂൾതല മോണിറ്ററിംഗ്

## പ്രവർത്തനങ്ങൾ

- സമഗ്രവികസനത്തിനായി ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്നങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നു.

- ഓരോ അക്കാദമിക പ്രവർത്തനത്തിനും, ആവശ്യമായ പിന്തുണ സംവിധാനം ഉറപ്പുവരുത്തുകയും അവയെ യഥാസമയം വിലയിരുത്തുകയും ചെയ്യുന്നു

- അക്കാദമിക പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നല്കുന്നു.

- നിർവ്വഹണഘട്ടങ്ങളിൽ നിരന്തരം മോണിറ്ററിംഗ് നടത്തുന്നു.

- അക്കാദമിക പ്രവർത്തനങ്ങളിൽ ഗുണമേന്മ ഉറപ്പുവരുത്തുന്നു.

- കുട്ടികൾ അദ്ധ്യാപകർ, സ്ഥാപനങ്ങൾ എന്നിവരുടെ മികവുകൾ വിലയിരുത്തി മികച്ച മാതൃകകൾക്ക് പ്രോത്സാഹനം നൽകുന്നു.

## സ്കുൾതല മേണിറ്ററിംഗ് സമിതി

ഹെഡ്മിസ്ട്രിസ്സ് : കൺവീനർ

അംഗങ്ങൾ :സീനിയർ അസിസ്റ്റന്റ്, MPTAപ്രസിഡന്റ്, SMC ചെയർമാൻ, PTA പ്രസിഡന്റ്

## ഉപസംഗ്രഹം

ആഗോളവത്ക്കരത്തിന്റെ ഫലമായി വിരൽതുമ്പിലെത്തുന്ന ഈ കാലഘട്ടത്തിൽ മനുഷ്യനെ മനസ്സിലാക്കിയും, അതിലുപരി സാമൂഹ്യജീവിയാക്കി മാറ്റുന്ന പ്രക്രിയായ വിദ്യാഭ്യാസ രംഗത്തെ കേരള മാതൃകയാണ് പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം. ഈ യജ്ഞത്തിൽ പങ്കാളിയാകുന്നതിലൂടെ ഞങ്ങളുടെ വിദ്യാലയവും പൊതുസമൂഹത്തിനായി സമർപ്പിക്കുകയാണ്.

വികസത്തിന്റെ പാതയിൽ 100 വർഷം തികഞ്ഞ ഈ വിദ്യാലയം പൈതൃകവും, നാടിന്റെ മാതൃകയും കാത്തുസൂക്ഷിച്ചവരും വരും തലമുറക്ക് വിഭവ സമൃദ്ധമാക്കി മാറ്റുന്നതിന് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രതീക്ഷിച്ചു കൊണ്ട് സവിനയം സമർപ്പിക്കുന്നു.